**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **06-10-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ ചുമതലയുള്ള ഏജൻസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷൻ പൂർത്തീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; വാട്ടർ അതോറിറ്റിയല്ലാതെ ഏതെങ്കിലും ഏജൻസികൾ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ടിട്ടുണ്ടോയെന്നും അത്തരത്തിൽ കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിന്റെ അനുമതിയുണ്ടോയെന്നും വിശദമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റി, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി(ജലനിധി) ഭൂജലവകുപ്പ് എന്നിവയാണ് സംസ്ഥാനത്ത് ജലജീവൻ മിഷൻ പൂർത്തീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള നിർവ്വഹണ ഏജൻസികൾ. സാമൂഹ്യ സംഘാടനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും പഞ്ചായത്തുകളെ സഹായിക്കുവാനായി നിർവ്വഹണ സഹായ സംഘടനകളെ (ISA) തെരഞ്ഞെടുത്തിട്ടുണ്ട്. ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് മൂന്നാം കക്ഷി പരിശോധനക്കായി Third Party Inspection ഏജൻസികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. മൂന്നാം കക്ഷി പരിശോധന ഏജൻസികളും, നിർവ്വഹണ സഹായ സംഘടനകളും സർക്കാരിന്റെ അനുമതിയോടെ തദ്ദേശ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നുണ്ട്. |
| (ബി) | വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റ്, വിതരണ ശൃംഖലകൾ എന്നിവയ്ക്ക് സമാനമായ സൗകര്യങ്ങൾ മറ്റ് ഏജൻസികളുടെ കീഴിലും പ്രവർത്തിക്കുന്നുണ്ടോയെന്നും വാട്ടർ അതോറിറ്റി നൽകുന്ന തരത്തിൽ ട്രീറ്റ് ചെയ്ത കുടിവെള്ളം വിതരണം ചെയ്യാൻ കഴിയുന്ന മറ്റ് ഏജൻസികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | കേരള ജല അതോറിറ്റി പദ്ധതികൾക്ക് സമാനമായ ട്രീറ്റ്മെന്റ് പ്ലാന്റ്, വിതരണ ശൃംഖലകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ നിർമ്മിച്ച് സാമൂഹ്യ ഉടമസ്ഥതയിലുള്ള ബൃഹത് കുടിവെള്ള പദ്ധതികളും കുടിവെള്ള വിതരണവും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി) നടത്തി വരുന്നുണ്ട്. ഇത്തരത്തിലുള്ള 7 ബൃഹത് പദ്ധതികളും, ജലഅതോറിറ്റിയിൽ നിന്ന് ബൾക്ക് വാട്ടർ വാങ്ങി വിതരണശൃംഖല നിർമ്മിച്ച് ഗുണഭോക്തൃ സമിതികൾ തന്നെ കുടിവെള്ള വിതരണം ചെയ്യുന്ന 15 ബൾക്ക് വാട്ടർ പദ്ധതികളും, 3 മൾട്ടി ഗ്രാമപഞ്ചായത്ത് പദ്ധതികളും ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി(ജലനിധി) പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നിയൂർ പഞ്ചായത്തിലെ ബൃഹത് പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം പൂർത്തിയായി വരുകയുമാണ്. ഇങ്ങനെയുള്ള പദ്ധതികളിലൂടെ ജല അതോറിറ്റി നൽകുന്ന തരത്തിൽ ട്രീറ്റ് ചെയ്ത കുടിവെള്ളം നൽകുന്നതിനു കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി(ജലനിധി) ക്കും സാധിക്കുന്നുണ്ട്. |
| (സി) | വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന മെഗാ പ്രോജക്ടുൾ പോലെയുള്ളവയാണോ പ്രാദേശിക ചെറുകിട കുടിവെള്ള പദ്ധതികളാണോ മറ്റ് ഏജൻസികൾ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി (ജലനിധി) മുഖേന പ്രധാനമായും പ്രാദേശിക ചെറുകിട കുടിവെള്ള പദ്ധതികളിലൂടെയും ജലഅതോറിറ്റിയിൽ നിന്ന് ബൾക്ക് വാട്ടർ വാങ്ങി വിതരണ ശൃംഖല സ്ഥാപിച്ചും കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നിലവിലുള്ള ജലനിധി കുടിവെള്ള പദ്ധതിയിൽ നിന്നും അധികമായി 37,296 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTCs) ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിനാണ് കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി(ജലനിധി)ക്ക് ഭരണാനുമതി നൽകിയിരിക്കുന്നത്. |
| (ഡി) | വാട്ടർ അതോറിറ്റി, മറ്റ് ഏജൻസികൾ എന്നിവ കുടിവെള്ള വിതരണത്തിനായി തെരഞ്ഞെടുക്കുന്ന ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള വാട്ടർ അതോറിറ്റി ജല സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ വേനൽകാലത്തിനു മുൻപ് ആവശ്യമുള്ള ഇടങ്ങളിൽ തടയണ കെട്ടൽ , ഗ്യാലറി വൃത്തിയാക്കൽ , കിണർ വൃത്തിയാക്കൽ എന്നീ നടപടികൾ യഥാസമയം ചെയ്തു വരുന്നു ജലജീവൻ മിഷൻ മുഖേന സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതികളുടെ സ്രോതസ്സുകളുടെ പര്യാപ്തത ഉറപ്പു വരുത്തിയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇതിനായി ജില്ലാതലത്തിൽ സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.  പ്രസ്തുത കമ്മിറ്റി പരിശോധിച്ച്  സ്രോതസ്സിന്റെ പര്യാപ്തത ഉറപ്പു വരുത്തിയാണു  പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ജലനിധി പദ്ധതിയിലും മറ്റു പദ്ധതികളിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചതും സാമൂഹ്യ ഉടമസ്ഥതയിൽ ഗുണഭോക്താക്കൾ തന്നെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്നതുമായ കുടിവെള്ള സ്കീമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി ജലലഭ്യതക്കുറവുള്ള സ്രോതസ്സുകളുടെ പരിപോഷണത്തിനുള്ള നടപടികൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി(ജലനിധി) സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ